GOG Request id - 131203

©
കേരള സർക്കാർ
Government of Kerala
<YYYY>

Regn.No.
dated with RNI
Reg No.

# കേരള ഗസറ്റ്
# KERALA GAZETTE
(Draft Notification)
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം <വാല്യം> Vol. <Vol.> | തിരുവനന്തപുരം, വ്യാഴം Thiruvananthapuram, Thursday | 2026 മേയ് 07 07th May 2026 1201 മേടം 24 24th Medam 1201 1948 വൈശാഖം 17 17th Vaisakha 1948 | നമ്പർ No. |

### ചെങ്ങന്നൂർ നഗരസഭ

### വിജ്ഞാപനം

ഇ1-2986609/2026 2026 മെയ് 07

2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ടിലെ വകുപ്പ് 36(4), 2021-ലെ കേരള നഗരാസൂത്രണമാസ്റ്റർ പ്ലാനി) ന്റെ രൂപീകരണവും അനുമതി നൽകലും ചട്ടങ്ങള (ിലെ ചട്ടം 19 എന്നിവ പ്രകാരം ചെങ്ങന്നൂർ നഗരസഭയ്ക്ക് വേണ്ടി തയ്യാറാക്കിയിട്ടുള്ള കരട് മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിച്ച് സംബന്ധിച്ചുള്ള ഫാറം - IV നോട്ടീസ് ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

(ഒപ്പ്)
സെക്രട്ടറി
ചെങ്ങന്നൂർ നഗരസഭ

ഫാറം –I V
[ചട്ടം 19(2) കാണുക]

ചെങ്ങന്നൂർ മുനിസിപ്പൽ കൗൺസിൽ
<u>2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ടിന്റെ (2016-ലെ 9)36-ാം വകുപ്പിന്റെ (4)-ാം ഉപവകുപ്പ് പ്രകാരം കരട് മാസ്റ്റർ പ്ലാൻ പുനഃപ്രസിദ്ധീകരിച്ചത് സംബന്ധിച്ചുള്ള നോട്ടീസ്</u>

താഴെപ്പറയുന്ന അതിരുകളോടു കൂടിയ തദ്ദേശാസൂത്രണ പ്രദേശത്തിന്റെ കരട് മാസ്റ്റർ പ്ലാൻ ചെങ്ങന്നൂർ മുനിസിപ്പൽ കൗൺസിൽ പരിഷ്ക്കരണങ്ങളോടെ സ്വീകരിച്ചത് ചെങ്ങന്നൂർ മുനിസിപ്പൽ കൗൺസിലിന്റെ ഔദ്യോഗിക വെബ്സൈറ്റായ chengannur muni ci pal i t y.l sgker al a.gov.i n - ൽ 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ടിന്റെ (2016-ലെ 9) 36-ആം വകുപ്പ്, (4)-ആം ഉപവകുപ്പ് പ്രകാരം പുനഃപ്രസിദ്ധീകരിച്ചിട്ടുണ്ടെന്ന് ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

| | | |
|---|---|---|
| വടക്ക് | - | തിരുവൻവണ്ടൂർ ഗ്രാമ പഞ്ചായത്ത് (ആലപ്പുഴ ജില്ല), കുറ്റൂർ, ഇരവിപേരൂർ ഗ്രാമപഞ്ചായത്തുകൾ (പത്തനംതിട്ട ജില്ല). |
| കിഴക്ക് | - | മുളക്കുഴ ഗ്രാമപഞ്ചായത്ത് (ആലപ്പുഴ ജില്ല), കോയിപ്രം, ആറന്മുള ഗ്രാമപഞ്ചായത്തുകൾ (പത്തനംതിട്ട ജില്ല). |
| തെക്ക് | - | മുളക്കുഴ, പുലിയൂർ, ആലഗ്രാമപഞ്ചായത്തുകൾ (ആലപ്പുഴ ജില്ല). |
| പടിഞ്ഞാറ് | - | പുലിയൂർ, പാണ്ടനാട്, തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്തുകൾ(ആലപ്പുഴ ജില്ല). |

കരട് മാസ്റ്റർ പ്ലാൻ പ്രദേശത്ത് നിലവിലുള്ള വിശദ നഗരാസൂത്രണ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ.

(എ) അംഗീകരിച്ച വിശദ നഗരാസൂത്രണ പദ്ധതികൾ - നിലവിലില്ല;

(ബി) പ്രസിദ്ധീകരിച്ച വിശദ നഗരാസൂത്രണ പദ്ധതികൾ - നിലവിലില്ല;

(സി) മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി റദ്ദാക്കാൻ ഉദ്ദേശിക്കുന്ന വിശദ നഗരാസൂത്രണ പദ്ധതികൾ, കാരണ സഹിതം വിശദീകരിക്കുക - അംഗീകരിച്ച/പ്രസിദ്ധീകരിച്ച വിശദനഗരാസൂത്രണ പദ്ധതികൾ നിലവിലില്ലാത്തതിനാൽ ബാധകമല്ല.

(ഡി) നിലനിർത്തുന്ന വിശദ നഗരാസൂത്രണ പദ്ധതികൾ - അംഗീകരിച്ച /പ്രസിദ്ധീകരിച്ച വിശദനഗരാസൂത്രണ പദ്ധതികൾ നിലവിലില്ലാത്തതിനാൽ ബാധകമല്ല.

കരട് മാസ്റ്റർ പ്ലാനിന്റെ പകർപ്പ് പ്രവൃത്തി സമയത്ത് പൊതുജനങ്ങൾക്ക് പരിശോധനയ്ക്കായി ചെങ്ങന്നൂർ മുനിസിപ്പൽ കൗൺസിൽ ഓഫീസിലും ലഭ്യമാണ്.

പ്ലാനിൽ താല്പര്യമുള്ള ഏതൊരാൾക്കും ഇതു സംബന്ധിച്ച ആക്ഷേപങ്ങളും, അഭിപ്രായങ്ങളും പ്രസിദ്ധീകരണം സംബന്ധിച്ച നോട്ടീസ് ഔദ്യോഗിക ഗസറ്റിൽ വന്ന തീയതി മുതൽ അറുപത് ദിവസത്തിനകം ചെങ്ങന്നൂർ മുനിസിപ്പൽ കൗൺസിൽ സെക്രട്ടറിയ്ക്ക് രേഖാമൂലം എഴുതി നൽകാവുന്നതാണ്.

2016- ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ് (2016-ലെ 9) 61-ാം വകുപ്പ് പ്രകാരം ബാധകമായ നിയന്ത്രണങ്ങൾക്കനുസൃതമല്ലാതെ യാതൊരാളും ഏതെങ്കിലും ഭൂമി വിനിയോഗിക്കുകയോ വിനിയോഗിക്കുവാൻ ഇടയാക്കുകയോ ഏതെങ്കിലും ഭൂവികസനം നടപ്പാക്കുകയോ ഭൂവിനിയോഗത്തിന് മാറ്റം വരുത്തുകയോ ചെയ്യുവാൻ പാടുള്ളതല്ല.

(ഒപ്പ്)
സെക്രട്ടറി

(ഒപ്പ്)
ചെയർപേഴ്സൺ

സ്ഥലം: ചെങ്ങന്നൂർ
തീയതി:07.05.2026

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESS
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026